പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1179 **15-10-2026-ൽ മറുപടിയ്ക്ക്**

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ കോച്ചിങ് സെന്റർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. കെ. എം. അഷ്റഫ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉദ്യോഗാർത്ഥികൾക്കായി വകുപ്പിന് കീഴിൽ പുതിയ കോച്ചിങ് സെന്റർ (Coaching Centre for Minority Youth - CCMY) അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേക്ക് പ്രൊപ്പോസൽ/നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഉദ്യോഗാർത്ഥികൾക്കായി ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പുതിയ കോച്ചിങ് സെന്റർ (Coaching Centre for Minority Youth - CCMY) അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ലഭ്യമായ നിരവധി അപേക്ഷകൾ പരിശോധിച്ച് ആയതിൽ എറ്റവും അനിവാര്യമായ പ്രദേശങ്ങളിലാണ് സെന്റർ/സബ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത്. കാസർഗോഡ് നിലവിൽ പരിശീലന കേന്ദ്രമുള്ളതിനാൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ പുതിയ കോച്ചിങ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(ബി) ഭാഷാന്യൂനപക്ഷങ്ങളും പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളും ഏറെയുള്ള മഞ്ചേശ്വരം മേഖലയിൽ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ തദ്ദേശീയരായ ഉദ്യോഗസ്ഥരുടെ കുറവ് ഓഫീസുകളുടെ സേവനങ്ങളെയും പൊതുഭരണത്തെയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഭാഷാന്യൂനപക്ഷങ്ങളും പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളും ഏറെയുള്ള മഞ്ചേശ്വരം മേഖലയിൽ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ തദ്ദേശിയരായ ഉദ്യോഗസ്ഥരുടെ കുറവ് ഓഫീസുകളുടെ സേവനങ്ങളേയും പൊതുഭരണത്തെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുള്ളതായി കാസർഗോഡ് ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്.

(സി) മത്സരപരീക്ഷകളിൽ തദ്ദേശീയരായ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും അവരുടെ തൊഴിൽപരമായ മുന്നേറ്റത്തിനും വഴിതുറക്കുന്ന രീതിയിൽ മഞ്ചേശ്വരത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് പുതിയ കോച്ചിങ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഉദ്യോഗാർത്ഥികൾക്കായി വകുപ്പിന് കീഴിൽ പുതിയ കോച്ചിങ് സെന്റർ ആരംഭിക്കുന്നത് സാഹചര്യങ്ങൾ വിലയിരുത്തി പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ